ഉത്തരം

(എ-സി) 2014-15-ൽ സംസ്ഥാനത്ത് ഒരു ജില്ലയ്ക്കും ഇന്ദിരാ ആവാസ് യോജനയുടെ രണ്ടാംഗഡു കേന്ദ്ര വിഹിതം ലഭിച്ചിട്ടില്ല. രണ്ടാം ഗഡുവായി ലഭ്യമാകേണ്ട തുക 16171.43 ലക്ഷം രൂപയാണ്. രണ്ടാംഗഡു കേന്ദ്ര വിഹിതം ലഭ്യമാക്കുന്നതിനുള്ള അപേക്ഷ 2014 നവംബർ മാസത്തിൽ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. രണ്ടാം ഗഡുവിനുള്ള അപേക്ഷ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. 2014-15 സാമ്പത്തിക വർഷത്തിൽ ലഭിക്കേണ്ട രണ്ടാംഗഡു തുക നഷ്ടപ്പെട്ടിട്ടില്ല. വിഷയം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. ഭവന നിർമ്മാണം തടസ്സപ്പെടാത്ത തരത്തിൽ മുന്നോട്ട പോകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ഹാഡ പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി

3 (5350) ശ്രീ. സി. കൃഷ്ണൻ :താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ മലയോര പഞ്ചായത്തുകളായ പെരിങ്ങോം-വയക്കര, കാങ്കോൽ - ആലപ്പടപ്പ്, എരമം - കുറ്റൂർ എന്നിവയെ ഹാഡ (എച്ച്.എ.ഡി.എ.) പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ ?

ഉത്തരം

മലയോര വികസന ഏജൻസിയുടെ പരിധിയിൽ ഉൾപ്പെട്ട 561 ഗ്രാമ പഞ്ചായത്തുകളിൽ പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളായ പെരിങ്ങോം-വയക്കര, കാങ്കോൽ-ആലപ്പടപ്പ്, എരമം-കുറ്റൂർ എന്നിവ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ഈ പഞ്ചായത്തുകൾ മലയോര വികസന ഏജൻസിയുടെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ടിട്ടില്ല. നിലവിൽ പഞ്ചായത്തിന്റെ 25% പ്രദേശം എങ്കിലും 800 മീറ്റർ കോണ്ടൂരിന് മുകളിൽ ഉയരമുള്ളതോ അല്ലെങ്കിൽ പാരിസ്ഥിതിക ദുരന്തങ്ങൾക്ക് വിധേയമായതുമായ 153 ഗ്രാമപഞ്ചായത്തുകളെയും നിവ്വൂർ, കൽപ്പറ്റ എന്നീ രണ്ട് മുനിസിപ്പാലിറ്റികളെയും മലയോര വികസന ഏജൻസിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ടുകൾ കൂടുതൽ ലഭിക്കുന്ന മുറയ്ക്കും മലയോര വികസന ഏജൻസിയുടെ ചെയർമാന്റെയും ഗവേണിംഗ് ബോഡിയുടെയും തീരുമാനമനുസരിച്ചും കൂടുതൽ പഞ്ചായത്തുകളെ രണ്ടാം ഘട്ടമെന്ന നിലയിൽ മലയോര വികസന ഏജൻസിയുടെ പരിധിയിൽ കൊണ്ടുവരുന്ന കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly